LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ കുടിശ്ശിക

67 (3576) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നാഷണൽ ആർമി (INA) ഭടനും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന അന്തരിച്ച ശ്രീ. വി. ഗോപാലനു ലഭിക്കേണ്ട സ്വാതന്ത്ര സമര സേനാനികൾക്കുള്ള പെൻഷൻ കുടിശ്ശിക അദ്ദേഹത്തിന്റെ അനന്തരാവകാശികൾക്ക് അനുവദിക്കുന്നതു സംബന്ധിച്ച W.P.(C) 17369/2012 - എന്ന കേസിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻമേൽ പ്രസ്തുത പെൻഷൻ കുടിശ്ശിക ലഭ്യമാക്കുന്നതു സംബന്ധിച്ചുള്ള ഫയൽ (നമ്പർ - 71749/FFPBI/2014/GAD) നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത കേസിൽ അപ്പീൽ പോകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പരേതനായ വി. ഗോപാലന് ലഭിക്കേണ്ടിയിരുന്ന കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ കുടിശ്ശിക ടിയാന്റെ മകൾക്ക് അനുവദിക്കണം എന്ന ബഹു. ഹൈക്കോടതിയുടെ 13-7-2015-ലെ WP(C) No.17369/12 നമ്പർ വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10-9-2015-ലെ WA No. 1982/2015 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ കുടിശ്ശിക അനുവദിക്കണം എന്നുള്ള 13-7-2015-ലെ ഉത്തരവ് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ജനസമ്പർക്ക പരിപാടി

68 (3577) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ 23-ന് എറണാകുളത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായത്തിന് അർഹരെന്ന് കണ്ടെത്തിയ അപേക്ഷകർ എത്ര പേരെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര പേർക്കായി എത്ര തുക വിതരണം ചെയ്തുവെന്നും ഇനി എത്ര പേർക്ക് ധനസഹായം വിതരണം ചെയ്യുവാനുണ്ടെന്നും വിശദമാക്കുമോ?